

# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

## ആവാസവ്യവസ്ഥ തകർക്കാൻ ആഷാപുര മൈനിംഗ്

കാസർഗോഡ് ജില്ലയിലെ 3500ഓളം ഏക്കർ സ്ഥലം ആഷാരപുര മൈൻ ഖോം ലിമിറ്റഡ് കമ്പനിക്ക് ഖനനം നടത്തുന്നതിനായി അനുവദിക്കാൻ പോകുകയാണ്. കിനാനൂർ-കരിന്തളം പഞ്ചായത്തിൽ 200 ഏക്കർ നൽകിക്കഴിഞ്ഞു. ജില്ലയിലെ പതിമൂന്നോളം പുഴകളിൽ പതിനൊന്നും ഒലിച്ചിറങ്ങുന്നത് ഇടനാടൻ ചെങ്കൽ കുന്നുകളിൽ നിന്നാണ്. ജൈവവൈവിദ്ധ്യങ്ങൾക്കൊണ്ട് സമ്പന്നമാണ് ഇവിടത്തെ കുന്നുകളൊക്കെയും.

വരണ്ട മെയ്മാസത്തിൽപോലും വെള്ളം നൽകുന്ന കടലാടിപ്പാറയിലാണ് കമ്പനി കൈവയ്ക്കാൻ പോകുന്നത്. ജില്ലയിലെ പ്രധാനപ്പെട്ട പുഴകളിലൊന്നായ നീലേശ്വരം പുഴയുടെ കൈവഴികളിലധികവും ഒലിച്ചിറങ്ങുന്നത് ഈ പാറയുടെ ചരിവുകളിൽ നിന്നാണ്.

രണ്ട് വർഷം മുമ്പ് കിനാനൂർ-കരിന്തളം പഞ്ചായത്തിലെ തലയടുക്കത്ത് ആഷാപുര ഖനനം ആരംഭിക്കാനുള്ള ശ്രമം നടത്തിയപ്പോൾ തദ്ദേശവാസികൾ ശക്തമായ ജനകീയ സമരത്തിന് തയ്യാറായതിന്റെ പശ്ചാത്തലത്തിൽ കമ്പനി തൽക്കാലം പിൻവാങ്ങുകയായിരുന്നു. മേധാപട്കർ തുടങ്ങി പ്രമുഖ സാമൂഹ്യ പ്രവർത്തകർ സ്ഥലം സന്ദർശിക്കുകയും സമരത്തിന് പിന്തുണ പ്രഖ്യാപിക്കുകയുമുണ്ടായി. (സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കെ.സി.പി.പി. ഇവിടെ ഖനനം നടത്തുന്നുണ്ട്)

ആഷാപുരക്കമ്പനി അണിയറയിൽ രഹസ്യനീക്കങ്ങൾ നടത്തി ഒരിടവേളയ്ക്കുശേഷം പുതിയൊരിടത്തേക്ക് നീങ്ങിയിരിക്കുകയാണ്. പ്രദേശത്ത് ആദിവാസി വിഭാഗങ്ങളും പാവപ്പെട്ടവരും കൂടുതൽ ആയതിനാൽ പ്രതിഷേധങ്ങൾ കുറഞ്ഞുപോകാൻ സാദ്ധ്യതയുണ്ട് എന്ന കണക്കുകൂട്ടലാണ് പ്രസ്തുതസ്ഥലം തിരഞ്ഞെടുക്കാൻ കമ്പനിയെ പ്രേരിപ്പിച്ചത്. അപകടം തിരിച്ചറിഞ്ഞ പ്രദേശത്തെ ജനങ്ങൾ സംഘടിക്കാൻ തുടങ്ങിയിട്ടുണ്ട്. ഖനനം 200 ഏക്കറിൽ തുടങ്ങി മറ്റു സ്ഥലങ്ങളിലേക്ക് വ്യാപിക്കാനുള്ള തന്ത്രപരമായ നീക്കത്തിലാണ് കമ്പനി അധികൃതർ. കോടാനുകോടി വർഷങ്ങളിലൂടെ ഉരുത്തിരിഞ്ഞ ഒരാവാസവ്യവസ്ഥയെ തിരിച്ചുപിടിക്കാനാവാത്ത നിലയിലേക്കെത്തിക്കുന്നത് മരുവൽക്കരണത്തിന് ഇടയാക്കുമെന്നത് നിസ്സംശയമാണ്. ഭൂരഹിതർക്കും ആദിവാസി വിഭാഗങ്ങൾക്കും കുടിൽ കെട്ടാൻ ഭൂമി നൽകാൻ കഴിയാത്ത സർക്കാർ തന്നെയാണ് ബഹുരാഷ്ട്ര കുത്തക കമ്പനികൾക്ക് ആയിരക്കണക്കിന് ഏക്കർ സ്ഥലം അനുവദിക്കുന്നതും. ഇതൊരിക്കലും നീതീകരിക്കാനാവാത്തതാണ്.

മൈനിംഗ് രംഗത്ത് ലോകത്തെത്തന്നെ വമ്പന്മാരായ ആഷാപുര മൈൻ ഖോം ലിമിറ്റഡ് കമ്പനിയെ ചെറുത്തുതോൽപ്പിക്കാൻ സജീവമായ ഇടപെടലുകൾ ഉണ്ടായെങ്കിൽ മാത്രമേ കഴിയൂ. സമൂഹത്തിന്റെ സമസ്ത മേഖലകളിലുംപെട്ടവരുടെ നിസ്സീമമായ സഹായം ഇതിന് ആവശ്യമാണ്.

ജീവിക്കാനുള്ള അവകാശങ്ങളെ നിഷേധിക്കാൻ എത്തുന്ന കുത്തക കമ്പനിക്കാരുടെ നീക്കം തടയുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ പരിസ്ഥിതി സാമൂഹിക പ്രവർത്തകരുടെ സഹായം പ്രതീക്ഷിച്ചുകൊള്ളുന്നു.

*അമ്പലത്തറ കുഞ്ഞികൃഷ്ണൻ, കാസർഗോഡ്*
*ജില്ലാപരിസ്ഥിതി സമിതി, 9946722979*

## കരിപ്പൂർ വിമാനത്താവളം ഉയർത്തുന്ന പാരിസ്ഥിതിക മനുഷ്യാവകാശ പ്രശ്നങ്ങൾ

കരിപ്പൂർ വിമാനത്താവളത്തിൽ നിർമ്മാണ-വികസന പ്രവർത്തനങ്ങൾ ഗുരുതരമായ പാരിസ്ഥിതിക-മനുഷ്യാവകാശ പ്രശ്നങ്ങളാണ് പ്രദേശത്ത് സൃഷ്ടിച്ചിട്ടുള്ളത്. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ മഴക്കാലത്ത് മലയിടിച്ചിലും മണ്ണൊലിപ്പും വെള്ളപ്പൊക്കവും വഴി വൻ നാശനഷ്ടങ്ങളാണ് ഇവിടെയുണ്ടായത്. കൊണ്ടോട്ടി, നെടിയിരുപ്പ്, മൊറയൂർ, പുളിക്കൽ, പള്ളിക്കൽ, ചീക്കോട്, മുതുവല്ലൂർ, കുഴിമണ്ണ, ചെറുകാവ് തുടങ്ങിയ സമീപ പഞ്ചായത്തുകളിലാണ് ഇതിന്റെ കെടുതികൾ അനുഭവപ്പെടുന്നത്. പ്രശ്നങ്ങളുണ്ടാവുമ്പോൾ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്ദർശനം നടത്തി പതിവ് പ്രസ്താവനകളും ചട്ടപ്പടി പരിപാടികളും നടത്തുമെങ്കിലും മൂലകാരണങ്ങളെക്കുറിച്ച് അന്വേഷണമോ പരിഹാരനടപടികളോ ഉണ്ടാവാറില്ല. നിയമാവബോധത്തിന്റെ അഭാവത്തിൽ, വിമാനത്താവളത്തിന് വേണ്ടിയാണ് എന്ന സൗമനസ്യത്തിൽ എല്ലാം സഹിച്ച് കഴിഞ്ഞുകൂടുകയായിരുന്നു ജനങ്ങൾ.

ഈയവസ്ഥ മുതലെടുത്തുകൊണ്ട് കൂടുതൽ സ്ഥലം വികസനപ്പേരിൽ ഏറ്റെടുക്കാനുള്ള നീക്കങ്ങളാണ് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യാ അധികൃതർ ഇപ്പോൾ നടത്തുന്നത്. എയർപോർട്ടിന്റെ ശരിയായ പുരോഗതിയല്ല ഇതിന്റെ പിന്നിലെ ലക്ഷ്യമെന്ന് വ്യക്തമാണ്. തീർത്തും അനാവശ്യമായ ന്യായങ്ങളാണ് സ്ഥലമെടുപ്പിന് അതോറിറ്റി നിരത്തുന്നത്. എയർപോർട്ടിന്റെ യഥാർത്ഥ ദൗത്യം നിർവഹിക്കുന്നതിൽ സംഭവിച്ച വമ്പിച്ച പരാജയം മറച്ചുവെക്കുന്നതിനാണ് ഇപ്പോഴത്തെ വികസനവാദം. ഏതാനും കുത്തക നിർമാണ-കരാർ കമ്പനികൾക്കും അവരുടെ കിമ്പളം പറ്റുന്ന രാഷ്ട്രീയ-ഉദ്യോഗസ്ഥ-ഭരണ വർഗ്ഗങ്ങൾക്കും മാത്രമാണ് ഇതിന്റെ നേട്ടം.

ഇത് തിരിച്ചറിഞ്ഞ നാട്ടുകാർ ശക്തമായ പ്രക്ഷോഭത്തിന്റെ പാതയിലാണ്. പ്രക്ഷോഭത്തെ തുടർന്ന് ഭൂമിയേറ്റെടുക്കൽ തീരുമാനത്തിൽ നിന്ന് സർക്കാർ പിന്തിരിഞ്ഞിരുന്നു. എന്നാൽ നിർമാണകമ്പനികളുടെ കനത്ത സമ്മർദ്ദം മൂലം മന്ത്രിമാരും ചേംബർ ഓഫ് കോമേഴ്സുകളും വീണ്ടും സ്ഥലമേറ്റെടുപ്പിന് രംഗത്തിറങ്ങിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പ്രക്ഷോഭത്തെ സഹായിക്കുക, നിലവിലുള്ള പരിസ്ഥിതി-മനുഷ്യാവകാശ പ്രശ്നങ്ങളെ പൊതുസമൂഹത്തിന്റെ ശ്രദ്ധയിലേക്ക് കൊണ്ടുവരിക, അവയെക്കുറിച്ച് വിദഗ്ദ്ധപഠനം നടത്തിക്കാനും പരിഹാരനടപടികൾ കൈകൊള്ളാനും സർക്കാരിനെ പ്രേരിപ്പിക്കുക തുടങ്ങിയവയാണ് ജനങ്ങളുടെ ആവശ്യങ്ങൾ.

*ബന്ധങ്ങൾക്ക് : ഡോ. എ. നുജും 9895 367654*
*എം.എസ്. റഫീഖ് ബാബു 9495 914780*
*എൻ. മെഹർ സാക്കിർ 9847 777684*

പ്രിയ കേരളീയം വായനക്കാരാ/രി, താങ്കൾ കേരളീയത്തോടൊപ്പം എന്നും ഉണ്ടായിരുന്നു. നമ്മൾ സാമ്പത്തിക പ്രതിസന്ധിയിലാണ്. ദയവായി വരിസംഖ്യ (240 രൂപ), കഴിയുന്ന സംഭാവന ഉടനെ അയച്ചുതരിക. കേരളീയം, കൊക്കാലെ, തൃശൂർ-21. ഫോൺ : 9446576943, 9447674375